**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **20-01-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ചില രോഗങ്ങളിൽ ചിലത് തിരികെ വരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. ലോകത്തു നിന്നുതന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ട മാരക പകർച്ചവ്യാധിയായ വസൂരിയും, ഭാരതത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഗിനിവിര ബാധയും നമ്മുടെ സംസ്ഥാനത്ത് തിരികെ എത്തിയിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. അതുപോലെ പോളിയോ നിർമ്മാർജ്ജനം അന്തിമ ഘട്ടത്തിൽ എത്തിയ ഇക്കാലത്ത് മൈൽഡ് പോളിയോ വൈറസ് മൂലമുള്ള പോളിയോ 2000 –ന് ശേഷം കേരളത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും പോളിയോ രോഗം നൈജീരിയ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്തിട്ടില്ലാത്തതിനാൽ പൾസ് പോളിയോ പരിപാടിയും, പോളിയോ നിരീക്ഷണവും സംസ്ഥാനത്ത് ഇപ്പോഴും തുടരുന്നു. ഐക്യരാഷ്ട്ര സഭ വിഭാവനം ചെയ്തിരിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി മലമ്പനി, മന്തുരോഗം, കാലഅസർ, ക്ഷയം, കുഷ്ഠം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ രാജ്യത്ത് നിന്നും നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ കേരളത്തിലും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിനുള്ള സംസ്ഥാന/ ജില്ലാ തല കർമ്മ പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതു ജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി ആവശ്യമായ ഫണ്ടും ലഭ്യമാക്കി വരുന്നു. ഇത്തരം രോഗങ്ങളുടെ നിരീക്ഷണം, ചികിത്സ, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി നടത്തി വരുന്നു. ഇതോടൊപ്പമുള്ള പകർച്ചവ്യാധികളെ ഫലപ്രദമായി |

| | | | |
|---|---|---|---|
| | | | പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018-ൽ ആരംഭിച്ച ആരോഗ്യജാഗ്രത കർമ്മപരിപാടിയും തുടർന്ന് ഓരോ വർഷവും സമയബന്ധിതമായും വിജയകരമായും നടത്തി വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ബി) | ലോകത്തു നിന്നുതന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ട മാരക പകർച്ചവ്യാധിയായ വസൂരിയും, ഭാരതത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഗിനിവിര ബാധയും നമ്മുടെ സംസ്ഥാനത്ത് തിരികെ എത്തിയിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. അതുപോലെ പോളിയോ നിർമ്മാർജ്ജനം അന്തിമ ഘട്ടത്തിൽ എത്തിയ ഇക്കാലത്ത് മൈൽഡ് പോളിയോ വൈറസ് മൂലമുള്ള പോളിയോ 2000 – ന് ശേഷം കേരളത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നിരുന്നാലും പോളിയോ രോഗം നൈജീരിയ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്തിട്ടില്ലാത്തതിനാൽ പൾസ് പോളിയോ പരിപാടിയും, പോളിയോ നിരീക്ഷണവും സംസ്ഥാനത്ത് ഇപ്പോഴും തുടരുന്നു. ഐക്യരാഷ്ട്ര സഭ വിഭാവനം ചെയ്തിരിക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി മലമ്പനി, മന്തുരോഗം, കാലഅസർ, ക്ഷയം, കുഷ്ഠം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ രാജ്യത്ത് നിന്നും നിവാരണം ചെയ്യുന്നതിനുള്ള നടപടികൾ കേരളത്തിലും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിനുള്ള സംസ്ഥാന/ ജില്ലാ തല കർമ്മ പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതു ജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായി ആവശ്യമായ ഫണ്ടും ലഭ്യമാക്കി വരുന്നു. ഇത്തരം രോഗങ്ങളുടെ നിരീക്ഷണം, ചികിത്സ, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി നടത്തി വരുന്നു. ഇതോടൊപ്പമുള്ള പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018-ൽ ആരംഭിച്ച ആരോഗ്യജാഗ്രത കർമ്മപരിപാടിയും തുടർന്ന് ഓരോ വർഷവും സമയബന്ധിതമായും വിജയകരമായും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ